# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5733** **09/07/2012 ൽ മറുപടിക്ക്**

## എസ്. എസ്. എ. പത്തനംതിട്ട പ്രോജക്ടിൽ നിന്നും പുറത്താക്കപ്പെട്ടവർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്.എസ്.എ. പത്തനംതിട്ട പ്രോജക്ടിൽ നിന്നും എസ്. രാജേഷ്, ജേക്കബ് ടി മാമ്മൻ എന്നിവരെ പുറത്താക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) എസ്.എസ്.എ. പത്തനംതിട്ട പ്രോജക്ടിൽ നിന്നും എസ്. രാജേഷ് ബി.ആർ.സി. ട്രെയിനർ, ബി.ആർ.സി പത്തനംതിട്ട, ജേക്കബ് ടി മാമ്മൻ ബി.ആർ.സി ട്രെയിനർ, ബി.ആർ.സി പത്തനംതിട്ട എന്നിവരെ എസ്.എസ്.എ.യിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ജില്ലാ പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് നടപടി. |
| ബി) നമ്പർ A3 2080/2012/SSA dtd. 01-06-2012 ഉത്തരവുപ്രകാരം പുറത്താക്കപ്പെട്ട ഇരുവരുടേയും പേരിൽ എന്ത് പരാതിയാണ് നിലനിൽക്കുന്നത്; | ബി) കഴിഞ്ഞ ഒരു വർഷത്തിലേറെയായി എസ്.എസ്.എ. വിരുദ്ധ പ്രവർത്തനങ്ങളിൽ ഇവർ നിരന്തരം ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൂടാതെ ശ്രീ. രാജേഷ് ബി.ആർ.സിയിൽ ഡ്യൂട്ടിയ്ക്കായി എത്തുന്നതുതന്നെ വളരെ അപൂർവമായി മാത്രമാണെന്ന് പത്തനംതിട്ട ബി.പി.ഒയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് ബി.പി.ഒയുടെ ചാർജ് വഹിക്കുന്ന ശ്രീ. ജേക്കബ് റ്റി. മാമനും കൂട്ട് നിൽക്കുന്നതായും 8 വർഷത്തോളം എസ്.എസ്.എ.യിൽ തുടരുന്ന ആളാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. നിയമപ്രകാരം 5 വർഷം തുടർച്ചയായി ഡപ്യൂട്ടേഷനിൽ തുടരുന്ന ഉദ്യോഗസ്ഥൻ ഈ കാലാവധി കഴിഞ്ഞാൽ മാതൃവകുപ്പിലേക്ക് തിരിച്ചുപോകേണ്ടതാണ്. |

(......2)

| | | | |
|---|---|---|---|
| സി) | പരാതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; എസ്.എസ്.എ.യിൽ സർക്കാർ ഡെപ്യൂട്ടേഷനിൽ നിയമിച്ചവരെ ഒരു ഡി.പി.ഒ.യുടെ പ്രാഥമിക ഏകപക്ഷീയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാതൃലാവണങ്ങളിലേക്ക് മടക്കി അയയ്ക്കാൻ സ്റ്റേറ്റ് ഡയറക്ടറുടെ അനുമതി ലഭിച്ചിരുന്നോ; | സി) | ജില്ലാ പ്രോജക്ട് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. ജില്ലാ പ്രോജക്ട് ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്തല ഉദ്യോഗസ്ഥരുടെ ചുമതല ജില്ലാ പ്രോജക്ട് ഓഫീസർമാരിൽ നിക്ഷിപ്തമാണ്. ജില്ലാ പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ട് അടിസ്ഥാനമാക്കി ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് നിൽക്കുന്ന ഉദ്യോഗസ്ഥരെ മടക്കി മാതൃസ്കൂളിലേയ്ക്ക് വിടാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ അനുമതി ഉണ്ടായിരുന്നു. |
| ഡി) | അനുമതിയില്ലാതെ മാതൃ ലാവണത്തിലേക്ക് മാറ്റി ഉത്തരവിറക്കാൻ സ്റ്റേറ്റ് അക്കൗണ്ട് ആഫീസർക്ക് അധികാരമുണ്ടോ; | ഡി) | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ അനുമതി ഇല്ലാതെ മാതൃലാവണത്തിലേയ്ക്ക് മാറ്റി ഉത്തരവിറക്കാൻ സ്റ്റേറ്റ് അക്കൗണ്ട്സ് ആഫീസർക്ക് അധികാരമില്ല. |
| ഇ) | എസ്.എസ്.എ.യിൽ അക്കാദമിക് മികവ് പുലർത്തിയ ഇരുവരെയും വ്യക്തിവിരോധംമൂലം സ്ഥലംമാറ്റിയ പത്തനംതിട്ട ജില്ലാ പ്രോജക്ട് ആഫീസറുടെ നടപടിയെപ്പറ്റി അന്വേഷിക്കുമോ? | ഇ) | പരാതി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അന്വേഷിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

5733

അനുബന്ധം

പ്രേഷിതൻ

ആർ. രവീന്ദ്രൻ നായർ
ഡി.പി.ഒ. പത്തനംതിട്ട

സ്വീകർത്താവ്

സംസ്ഥാന പ്രോജക്ടു ഡയറക്ടർ,
എസ്.എസ്.എ. കേരളം

സർ,

വിഷയം : പത്തനംതിട്ട ബി.ആർ.സി ട്രയ്നർ ശ്രീ.രാജേഷിന്റെ എസ്.എസ്.എ.
വിരുദ്ധപ്രവർത്തനങ്ങളെ സംബന്ധിച്ച്.

സൂചന:

കൈപ്പട്ടൂർ ഗവ.വി.ച്.എസ്.എസ്സിൽ പി.ഡി.ടീച്ചറായിരുന്ന ശ്രീ. എസ്.രാജേഷ്. 1-1-2004 മുതൽ പത്തനംതിട്ട ജില്ലയിൽ ട്രയിനറാണ്. (**Order No.A3-277/03/SSA. dated 23-12-2003 of SPD, Tvpm.**)കഴിഞ്ഞ ഒരു വർഷത്തിലേറെയായി അദ്ദേഹം എസ്.എസ്.എ വിരുദ്ധപ്രവർത്തനങ്ങളിൽ നിരന്തരം ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ് എസ്.എസ്.എ യ്ക്കും ഡി.പ.ഒ യ്ക്കുമെതിരേ ഹീനമായ വ്യാജപ്രചരണങ്ങൾ, പത്ര സ്വാധീലമുപയോഗപ്പെടുത്തി വാർത്ത ചമയ്ക്കൽ, ഈ പത്രവാർത്തകൾ ഉപയോഗപ്പെടുത്തി വ്യാജപ്പേരുകളിൽ അധികൃതർക്കു പരാതി അയയ്ക്കൽ, ഡി.പി.ഒ യ്ക്കെതിരേ വ്യക്തിഹത്യ ലക്ഷ്യമിട്ടുകൊണ്ടുള്ള ഹീന പ്രചരണങ്ങൾ എന്നിങ്ങനെ പത്തനംതിട്ട എസ്.എസ്.എ യുടെ പ്രവർത്തനങ്ങളെ തളർത്താനും ഡി.പി.ഒ യുടെ ആത്മവിശ്വാസം തകർക്കാനും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പത്തനംതിട്ട ബി.ആർ.സി യിൽ ട്രയിനറായ രാജേഷ്, ബി.ആർ.സിയ്യിൽതന്നെ പ്രത്യേക ഗ്രൂപ്പുണ്ടാക്കി സംവിധാനത്തിനും അതീതനായി നിലകൊള്ളുകയാണ്. കെ.എസ്.ടി.എ യുടെ ജില്ലാഭാരവാഹിയായഇദ്ദേഹം ബി.ആർ.സിയിൽ എത്തുന്നതുതന്നെ വളരെ അപൂർവ്വമായി മാത്രമാണെന്ന് പത്തനംതിട്ട ബി.പി.ഒ യും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ ഭരണമാറ്റത്തുനു ശേഷം എസ്.എസ്.എ യുടെ പ്രവർത്തനങ്ങളെ താറടിക്കുന്നതിനു നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ശ്രീ.എസ്.രാജേഷിനെ എസ്.എസ്.എ യിൽ നിന്നു **revert** ;ചെയ്യണമെന്ന് അഭ്യർഥിക്കുന്നു. പത്തനംതിട്ട എസ്.എസ്.എ യുടെ സുഗമമായ നടത്തിപ്പിന് ഈ റിവർഷൻ അനിവാര്യമാണെന്നും അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

പത്തനംതിട്ട BPO. ആയി ചാർജ്ജ് ... ശ്രീ. ... BRC ... സഹായവും ... രാജേഷിന്റെ പ്രവർത്ത... ... [illegible]

വിശ്വസ്തതയോടെ

തിരുവല്ല

രവീന്ദ്രൻ നായർ
ഡി.പി.ഒ. പത്തനംതിട്ട

BPO.